<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1178</u> <u>06-02-2023 - ൽ മറുപടിയ്ക്ക്</u>

<u>യുവജന കമ്മീഷൻ അധ്യക്ഷയുടെ ശമ്പള കുടിശ്ശിക</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷയുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനം എന്താണെന്ന് വിശദമാക്കുമോ; | (എ) | 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ടിൽ ചെയർപേഴ്സൺ ഗവ:സെക്രട്ടറിയുടെ പദവിയുള്ള ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ശമ്പളവും ബത്തകളും നൽകേണ്ടതുമാണ് എന്നും ചെയർപേഴ്സന്റെ കാലാവധി 3 വർഷമാണെന്നും രണ്ടിൽ കൂടുതൽ തവണ ഔദ്യോഗിക സ്ഥാനം വഹിക്കാൻ കഴിയില്ലായെന്നും പറയുന്നു. 2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സിറ്റിംഗ് ഫീ, യാത്രാബത്ത, മറ്റ് ബത്തകൾ എന്നിവയ്ക്കായി ചെയർപേഴ്സണെ ഗ്രേഡ്-I/ക്ലാസ്-I ആയി പരിഗണിക്കേണ്ടതാണെന്നും പ്രസ്തുത ചട്ടത്തിൽ പറയുന്നു. |
| (ബി) | നിലവിലെ യുവജന കമ്മീഷൻ അധ്യക്ഷക്ക് ശമ്പള കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ കുടിശികയായി എത്ര രൂപ നൽകേണ്ടി വരും എന്നതിന്റെ വിശദാംശം നൽകുമോ; | (ബി) | 23/01/2023-ലെ സ.ഉ.(സാധാ)നം.37/2023/ എസ്.വൈ.എ പ്രകാരം യുവജന കമ്മീഷൻ അദ്ധ്യക്ഷയ്ക്ക് ശമ്പള കുടിശ്ശിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കുടിശ്ശികയായി 7,90,645/- രൂപയോളം നൽകേണ്ടതുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് യുവജന കമ്മീഷൻ അധ്യക്ഷ നൽകിയ 20.08.2022-ലെ 698/എ1/2018/ കേ.സം.യു.ക. കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | യുവജന കമ്മീഷൻ അധ്യക്ഷ നൽകിയ 20/08/2022-ലെ 698/എ1/2018/കേ.സം.യു.ക കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

5461236/2022/SYA-OS 8309.

SYA-B2/266/2022-SYA

അടിയന്തരം

E-64 40599/2022/MIN(TOUR)

**KERALA STATE YOUTH COMMISSION**

Vikas Bhavan, Thiruvananthapuram-695 033
Phone-Office : 0471-2308630

***CHINTHA JEROME***
Chairperson
Mob : 9495673704

Pl. Secretary (YA)
Examine & put up.

Dated. 20/08/22

നമ്പർ . 698/എ1/2018/കേ.സം.യു.ക.

പി. എ. മുഹമ്മദ് റിയാസ്
പൊതുമരാമത്തും, ടൂറിസവും
വകുപ്പ് മന്ത്രി

**ശ്രീ.പി.എ.മുഹമ്മദ് റിയാസ്**

**ബഹു.പൊതുമരാമത്ത് ടൂറിസം യുവജനകാര്യ വകുപ്പ് മന്ത്രി**

സർ,

വിഷയം : കേരള സംസ്ഥാന യുവജന കമ്മീഷൻ — ചെയർപേഴ്സന്റെ ശമ്പള കുടിശ്ശിക അനുവദിക്കുന്നത് — സംബന്ധിച്ച്.

സൂചന : 1. 04/10/2016 ലെ സ.ഉ.(സാധാ) നമ്പർ 209/2016/കായുവ ഉത്തരവ്.
2. 06/01/2017 ലെ സ.ഉ.(സാധാ) നമ്പർ 3/2017/കായുവ ഉത്തരവ്.
3. 26/05/2018 ലെ സ.ഉ.(അച്ചടി) നമ്പർ 05/2018/കായുവ നമ്പർ ചട്ടം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുമാരി.ചിന്താ ജെറോം എന്ന എന്നെ സൂചന (1) ഉത്തരവ് പ്രകാരം 14/10/2016 തീയതിയിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി നിയമിക്കുകയും, ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാമെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. നിയമിതയായി 3 മാസം പിന്നിട്ടിട്ടും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവുകൾ ഒന്നും പുറത്തിറങ്ങാതിരുന്നതിനാൽ കായിക യുവജന കാര്യ വകുപ്പ് സെക്രട്ടറി സൂചന (2) പ്രകാരം അഡ്വാൻസായി 50,000/- രൂപ കൈപ്പറ്റാമെന്നും, തുടർന്ന് അനുവദിക്കുന്ന മുറയ്ക്ക് അത് ക്രമീകരിക്കാമെന്നും ഉത്തരവ് നൽകിയിട്ടുള്ളത്. അഡ്വാൻസ് ശമ്പളമായി 50,000/- രൂപ കൈപ്പറ്റി വരികെ സൂചന (3) പ്രകാരം കമ്മീഷൻ ചട്ടങ്ങൾ 26/05/2018 ൽ നിലവിൽ വന്നു. ടി ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് ചെയർപേഴ്സന്റെ ശമ്പളം 1,00,000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളത്. ടി ചട്ടങ്ങൾ രൂപപ്പെട്ട് വരുന്നതു വരെ യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം നിശ്ചയിച്ച് കൊണ്ട് യാതൊരു ഉത്തരവുകളും പുറപ്പെടുവിച്ചിട്ടില്ല. ടി കാലയളവിൽ സൂചന (2) ഉത്തരവ് പ്രകാരമുള്ള അഡ്വാൻസ് തുക മാത്രമാണ് കൈപ്പറ്റിയത്. ടി കാലയളവിലെ തുക ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയപ്പോൾ ചട്ടങ്ങൾക്ക്

മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ കുടിശ്ശിക നൽകാൻ കഴിയില്ല എന്ന മറുപടിയാണ് ലഭ്യമായത്. മുൻകാല പ്രാബല്യമില്ലാത്തതിനാൽ ചെയർപേഴ്സണായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവത്കരിക്കപ്പെട്ട കാലയളവു വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണ്. ആയതിനാൽ 14/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിൽ ഞാൻ വാങ്ങിയ അഡ്വാൻസ് തുകയെ സംബന്ധിച്ച വ്യക്തതയും, അഡ്വാൻസായി കൈപ്പറ്റിയ തുകയും, നിജപ്പെടുത്തിയ ചട്ടങ്ങളിലെ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

**ചെയർപേഴ്സൺ**

സെക്ഷൻ ഓഫീസർ